ESTD. 1854

For Private Circulation
Volume 14 Issue 3
JUNE 2022

# CSI St. PAUL'S CHURCH

## KUNNAMKULAM

(Out Stations : Talikulam & Kattakampal)

www.stpaulscsikunnamkulam.in
















**Motto : "എഴുന്നേറ്റ് പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സ് നിന്റെ മേൽ ഉദിച്ചിരിക്കുന്നു."**
**യെശയ്യാവ് 60:1**

ക്രിസ്തുവിൽ പ്രിയരേ സ്നേഹവന്ദനം,

പുതിയ വിദ്യാഭ്യാസ വർഷം ആരംഭിയ്ക്കുന്നതിനായി സ്ഥാപനങ്ങളും അദ്ധ്യാപകരും, രക്ഷിതാക്കളും, വിദ്യാർത്ഥികളും ഒരുക്കത്തിലാണല്ലോ? കോവിഡിന്റെ വെല്ലുവിളികൾക്കുശേഷം രണ്ടുവർഷങ്ങൾക്ക് ഒടുവിൽ പതിവുപോലെ ജൂൺ ആദ്യപാദത്തിൽ തന്നെ ക്ലാസ്സുകൾ ആരംഭിയ്ക്കുവാൻ കഴിയുന്നത് എല്ലാവർക്കും സന്തോഷകരമായിരിക്കും, അത് അങ്ങനെ തന്നെയാവട്ടെ.

'യഹോവയല്ലോ ജ്ഞാനം നൽകുന്നത്; അവന്റെ വായിൽ നിന്ന് പരിജ്ഞാനവും വിവേകവും വരുന്നു.' സദൃശ്യവാക്യങ്ങൾ 2:6

കാലത്തിന്റെയും ദേശത്തിന്റേയും മാറിവരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് വിദ്യാഭ്യാസം നിരന്തരം വളർന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദശകങ്ങളിൽ കേരളം ധാരാളം വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്ക് വിധേയമായിട്ടുണ്ട്. അതായത് കാലത്തിന്റെ ആവശ്യങ്ങളെ മനസ്സിലാക്കി പ്രകൃതിയുടേയും ജീവജാലങ്ങളുടേയും പരസ്പര പൂരണം കാര്യക്ഷമമാക്കി ജീവിക്കുവാൻ തലമുറകളെ സജ്ജമാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം.

വിവര സമ്പാദനത്തിലൂടെ സമ്പത്തും അധികാരവും അന്തസ്സും കൈവരിക്കാനുള്ള കുറുക്കുവഴി എന്ന നിലയിലാണ് ചിലരെങ്കിലും ഇന്ന് വിദ്യാഭ്യാസത്തെ കാണുന്നത്. പഠിച്ചവർ വലിയ ചൂഷകരായി മാറുന്നു. വർത്തമാനകാല സാഹചര്യങ്ങളെ മാറ്റി മറിക്കുന്നു, നിയമങ്ങൾ തിരുത്തിയെഴുതി വിഭവങ്ങൾ സമാഹരിക്കുന്നു. നിയമ വ്യാഖ്യാനങ്ങളുടെ പഴുതിലൂടെ എല്ലാറ്റിനേയും ന്യായീകരിക്കുന്നു.

ജ്ഞാനത്തിന്റെ ഉറവിടം ദൈവമാണ്. എല്ലാറ്റിനേയും സൃഷ്ടിച്ച ദൈവം അവയെ പരിപാലിക്കുകയും ചെയ്യുന്നു. സൃഷ്ടിജാലങ്ങളുടെ സമഗ്രമായ പരിപോഷണമാണ് സ്രഷ്ടാവിന്റെ താൽപര്യം. ഈ താൽപര്യമാണ് ദൈവവചനത്തിന്റെ കാതലും. ഇതിനെ ആഴത്തിൽ മനസ്സിലാക്കി പ്രവർത്തിക്കുന്നവർക്കു മാത്രമേ പരിജ്ഞാനവും, വിവേകവും സമ്പാദിക്കാനാവൂ. നേര്, ന്യായം, നിഷ്കളങ്കത, നീതി എന്നീ ഭാവങ്ങളെല്ലാം അർത്ഥവത്താകുന്നത് ഈ പശ്ചാത്തലത്തിലാണ്. 'പരിജ്ഞാനം നിന്റെ മനസ്സിന് ഇമ്പമായിരിക്കും വകതിരിവ് നിന്നെ കാക്കും; വിവേകം നിന്നെ സൂക്ഷിക്കും.' സദൃശ്യവാക്യങ്ങൾ 2:10. ദേശം, അവസ്ഥ, സഹജീവികൾ എന്നിവയെ ശരിയായി മനസ്സിലാക്കി അവയെ എങ്ങനെ പരമാവധി ഗുണപ്രദവും ക്രിയാത്മകവും ആക്കുവാൻ കഴിയും എന്ന് ചിന്തിക്കുന്നിടത്താണ് ഒരാൾ ജ്ഞാനിയും വിവേകിയും ആവുന്നത്. എന്റെ പ്രയോജനത്തിനായി ചുറ്റുപാടുകളെ എങ്ങനെ ചൂഷണം ചെയ്യാം എന്ന ചിന്ത പുത്തൻ വിദ്യാഭ്യാസത്തിന്റെ ഇന്നനുഭവങ്ങളായി മാറിയിരിക്കുന്നു. വിദ്യയെ വ്യക്തിഗതമായ വിഭവമായി കാണുന്ന സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ അപകടം ഇവിടെയാണ്. 'ഞാൻ പണം കൊണ്ട് വിവരം സമ്പാദിക്കുന്നു. ആ വിവരം വിറ്റ് ധനികനാകുന്നു. അതിൽ പരാതിപ്പെട്ടിട്ടു കാര്യമില്ല'. ഇത്തരം ചിന്താഗതികൾ സമൂഹ നിഷേധിയും തൻകാര്യ പോഷകവുമാണ്. അവരവർക്ക് പണം ഉണ്ടാക്കുവാനുള്ള കുറുക്കുവഴിയായി വിദ്യാഭ്യാസത്തെ കാണുന്നത് നല്ല സമീപനമല്ല.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസം തകർത്ത് തൽസ്ഥാനം മത്സരാധിഷ്ഠിത വിദ്യാഭ്യാസം കയ്യടക്കിയിരിക്കുന്നു. മത്സരത്തിൽ ബന്ധങ്ങൾ നിലനിൽക്കുകയില്ല. മൂല്യങ്ങൾ പോഷിപ്പിക്കപ്പെടണമെങ്കിൽ ബന്ധങ്ങൾ സജീവമാകണം. ദൈവബോധത്തെ ഉള്ളിലുറപ്പിച്ച് സുബോധത്തിനു പാരവശ്യപ്പെടുമ്പോൾ മാത്രം ലഭിക്കുന്നതാണ് പരിജ്ഞാനം. അത് സന്മാർഗാധിഷ്ഠിതവും നീതി, ന്യായം, നേര് എന്നിവയിൽ ഊന്നിയതുമായിരിക്കും. ദൈവചിന്തയാണ് പരിജ്ഞാനത്തിന്റെ അടിസ്ഥാനം. ചുറ്റുപാടുള്ളവരുടെ, ഉള്ളവയുടെ സംരക്ഷണത്തിലൂടെ സ്വയസംരക്ഷണം ഇതാണ് പരിജ്ഞാനത്തിന്റെ ഫലം.

വിദ്യാഭ്യാസത്തിലൂടെ വിവേകത്തിൽ വളരുകയാണ് വേണ്ടത്. പ്രകൃതിയേയും സഹജീവികളേയും തിരിച്ചറിയുന്നത് സമഗ്ര

തയുടെ പരിപോഷണത്തിനും ബന്ധങ്ങളുടെ സ്ഥായിയായ വളർച്ചയ്ക്കും അനിവാര്യമാണ്. ബന്ധങ്ങളുടെ മൂല്യശോഷണം ഈ കാലഘട്ടത്തിന്റെ ദോഷൈക അനുഭവമാണ്. പ്രകൃതിയുമായും ജീവജാലങ്ങളുമായും നല്ല ബന്ധം സൂക്ഷിക്കുന്നതിലൂടെ മാത്രമേ ശരിയായ വളർച്ച സാധ്യമാകൂ.

സമൂഹത്തിന്റെ അല്ലെങ്കിൽ നാടിന്റെ ഒഴുക്കിലേക്ക് തന്നെ ചെന്നു വീഴലല്ല വിദ്യാഭ്യാസം; പകരം നാം ജീവിക്കുന്ന സമൂഹത്തിലെ നന്മതിന്മകളെ സ്വയം തിരിച്ചറിഞ്ഞ് നന്മയുടെ പാതയിലേക്ക് തന്നെ വേണ്ടി വന്നാൽ വ്യത്യസ്തമായ ജീവിതം നയിക്കാൻ വിദ്യാഭ്യാസത്തിലൂടെ നാം പ്രാപ്തരാകണം.

ദൈവബോധവും ദൈവാശ്രയവുമാണ് പരിജ്ഞാനത്തിന്റേയും വിവേകത്തിന്റേയും അടിസ്ഥാനം. സമീപ വിദ്യാഭ്യാസ വർഷം ദൈവാഭിമുഖമായി വളർന്ന് നല്ല സമൂഹ സൃഷ്ടി യാഥാർത്ഥ്യമായി തീരട്ടെ; ആശംസകളോടും, പ്രാർത്ഥനയോടും കൂടെ

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷകൻ
**റവ. ഷിബുമോൻ സി. കെ.**

# *Wedding Anniversary in JUNE*

**06.06.2022 Mr. റോയ് ഇ.ജെ. & Mrs. മേരി റോയ്, ഇരവിമംഗലം**
**10.06.2022 Mr. ലോനപ്പൻ ക്രിസ്റ്റി & Mrs. സാറാമ്മ, പള്ളിപ്പറമ്പിൽ**
**15.06.2022 Mr. ബോബൻ ജോൺ & Mrs. ടെസ്സി, പള്ളിപ്പറമ്പിൽ**
**19.06.2022 Mr. ബിജു വിജയകുമാർ & Mrs. ഷീജ, നെല്ലിത്തറ**
**22.06.2022 Mr. ജോമോൻ എം.സി & Mrs. റ്റിബി**

*വിവാഹ വാർഷിക മംഗളങ്ങൾ...*

# Birthday in JUNE

ജന്മദിനാശംസകൾ...

| Date | | Name |
|---|---|---|
| 01 | - | കൊച്ചുബേബി വർഗ്ഗീസ് തലക്കോട്ടുകര |
| 01 | - | റിജോൺ തമ്പി എരവിമംഗലം |
| 01 | - | ലിസ്സി ജോജു കുന്നത്ത് |
| 01 | - | അനിത ബാബു മണ്ടുംബാൽ |
| 02 | - | അച്ചാമ്മ പോൾ എഴുത്തുപുരയ്ക്കൽ |
| 03 | - | അഭിനവ് കണ്ണനായ്ക്കൽ |
| 03 | - | ലില്ലി ജോയ് ചീരൻ |
| 05 | - | സജി ജോസഫ് പാറക്കൽ |
| 05 | - | അനിൽകുമാർ നെല്ലിത്തറ |
| 06 | - | റ്റി.ഐ. ചാക്കോ തലക്കോട്ടുകര |
| 08 | - | ആനി ജസ്‌ലിൻ ജിതിൻ, പള്ളിപ്പറമ്പിൽ |
| 09 | - | പ്രവീൺ കെ. പോൾ കളത്തിൽ |
| 09 | - | നിഷ അനു ജേക്കബ് മുളങ്ങാട്ടിൽ |
| 10 | - | വില്യം പോൾ അന്തിക്കാട്ട് |
| 10 | - | ഹാരി ഡാനിയേൽ, പുത്തൻവീട്ടിൽ |
| 11 | - | സോണിയ വി. എസ്. നെല്ലിത്തറ |
| 11 | - | ഷീല ബെന്നി വെട്ടത്ത് |
| 12 | - | ആഷ്‌വിൻ സുബിൻസൺ അന്തിക്കാട്ട് |
| 12 | - | സേറ കളത്തിൽ |
| 13 | - | ശോഭ സുനിൽ മൂലായിൽ |
| 13 | - | സച്ചിൽ ബെൻ വെട്ടത്ത് |
| 14 | - | ഇവാന ആനി റിച്ചാർഡ് കുത്തൂർ |
| 16 | - | അമ്റിറ്റ് വർഗ്ഗീസ് സൈമൺ തലക്കോട്ടുകര |
| 17 | - | ജെയ്മി തോമസ് ചുങ്കത്ത് |
| 17 | - | ബീന വർഗീസ് ഇരവിമംഗലം |
| 17 | - | ഐഡാ ആൽബർട്ട് അദിയുന്തൻ |
| 18 | - | മെറ്റിൽഡാ ആഗ്നസ് ചെറുവത്തൂർ |
| 18 | - | ഡോൺ തോമസ്, ചാവക്കാട്ട് |
| 19 | - | അന്ന മരിയ സിജു പള്ളിപ്പറമ്പിൽ |
| 20 | - | റോസ്‌ലി ജോസ് പയ്യൂർ |
| 20 | - | ലിയ ലീല പുത്തൻവീട്ടിൽ |
| 21 | - | കെ.വി. യേശുദാസ് |
| 21 | - | തോമസ് കെ.എ. ചാവക്കാട്ട് |
| 21 | - | ബിജു എബ്രഹാം, ആത്തപ്പള്ളി |
| 23 | - | ക്രിസ്റ്റൽ റ്റി. പ്ലാച്ചേരിൽ |
| 24 | - | ജേക്കബ് കുര്യൻ അന്തിക്കാട് |
| 24 | - | റിനു റ്റോംസ് പോൾ ചോഴിയാറ്റിൽ |
| 25 | - | ജീന സുധീർ ചീരൻ |
| 27 | - | ജോജു കെ.ജെ. കുന്നത്ത് |
| 27 | - | അന്ന റ്റിബി ബോബൻ |
| 28 | - | ലിയനാർഡ് മാത്യു മാവീട്ടിൽ |
| 29 | - | അമ്മിണി ജയപാൽ രാവരി |
| 01/07 | - | ഷിജോ കെ.ജെ. കിളിയനാട്ടുപറമ്പിൽ |



# വാർത്തകളും കുറിപ്പുകളും

## ഇടവക കൺവെൻഷൻ 2022 വരവ് ചെലവുകൾ

നേരത്തേ അറിയിച്ച പ്രകാരം ഏപ്രിൽ മാസത്തെ ദശാംശവും പ്രത്യേക സംഭാവനകളും കൺവെൻഷൻ ചെലവിലേക്കായി വരവ് വെക്കുകയുണ്ടായി. ആകെ വരവ് 52,343/ രൂപ. കൺവെൻഷൻ ചെലവ് 35,343/- രൂപ. സംഭാവന കൾ നൽകിയ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

## നോമ്പുകാല സ്വയവർജ്ജനം 2022 പ്രത്യേക സാധുസഹായം

മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാധുസഹായ ഫണ്ട് മേൽ ആവശ്യത്തി നായി വിനിയോഗിച്ചു. മാർച്ച് - 20,000/- രൂപ, ഏപ്രിൽ 16,200/- രൂപ. ആകെ വരവ് = 36200/ രൂപ. ചെലവ് = 31,750/- രൂപ.

## വി.ബി.എസ്. 2022

ദൈവത്തിന്റെ മുത്തുകൾ (Gems of God) എന്ന പ്രമേയം ആസ് പദമാക്കി മെയ് മാസം 3-ാം തിയ്യതി മുതൽ 7-ാം തിയ്യതി വരെ ദൈവാലയ ത്തിൽ വെച്ച് വി.ബി.എസ്. നടത്തുകയുണ്ടായി. എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ നടത്തിയ വി.ബി.എസ്. ൽ 56 വിദ്യാർത്ഥികളും 9 അദ്ധ്യാപകരും 3 ഡയറക്ടർമാരും വോളന്റിയേഴ്സും പങ്കെടുത്തു. ഇടവക അംഗങ്ങൾ ആയ ജിജി സൈമൺ, ജിബി സൈസൺ, ബെറ്റ്സി മെറീന ജോൺ എന്നിവർ ഡയറക്ടർമാരായി പ്രവർത്തിച്ചു. സഭാംഗ ങ്ങൾ തന്നെ മുന്നോട്ടുവന്ന് ഡയറക്ടർമാരായി നേതൃത്വം നൽകിയത് ഇടവകക്ക് തന്നെ അഭിമാനമാണ്. കുട്ടികൾക്കായി വിഭവസമൃദ്ധമായ ഭക്ഷണവും, പാനീയങ്ങളും ക്രമീകരിച്ചിരുന്നു. മാനസിക - ഭൗതിക ഉല്ലാസത്തിനായി പപ്പറ്റ് ഷോ, മാജിക് ഷോ, കുരുത്തോല - കൈവേല, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവ യും വി.ബി.എസ് നെ കൂടുതൽ മനോഹരമാക്കി. കുട്ടികൾക്ക് സണ്ടേസ്കൂൾ ക്ലാസ്സിൽ പങ്കെടുക്കുന്നതിന് ഉത്സാഹവും സണ്ടേസ്കൂൾ അദ്ധ്യാപകരായി സംഭാംഗങ്ങൾ മുന്നോട്ട് വരുവാൻ താൽപര്യം പ്രകടിപ്പിച്ചതും വി.ബി.എസ്. 2022 ന്റെ നേട്ടമാണ്.

പ്രത്യേക സംഭാവനയും കുട്ടികളുടെ സ്തോത്രകാഴ്ചയും ചേർന്ന് 29,230/- രൂപ വരവ് ലഭിച്ചു. കൂടാതെ മൂന്ന് ദിവസത്തെ ഉച്ചഭക്ഷണം, പാനീയങ്ങൾ, മറ്റു ചിലവുകൾ - 16,450/- രൂപ പ്രത്യേക സംഭാവനയായും ലഭിച്ചു.

ആകെ വരവ് - 45,680/- രൂപ. ആകെ ചെലവ് - 61,474/- രൂപ.

## ഇടവക അംഗങ്ങൾക്കായുള്ള പ്രത്യേക സഹായം

നമ്മുടെ ഇടവകയിൽ പ്രത്യേക സാമ്പത്തിക കരുതൽ നൽകേണ്ട അഞ്ചുപേർക്ക് 500/- രൂപ വീതം എല്ലാ മാസവും സാമ്പത്തിക സഹായമായി നൽകി വരുന്നു. സാധുസഹായ ഫണ്ടായി സംഭാവന നൽകുന്ന എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

## ന്യൂസ് ലെറ്റർ

എല്ലാ മാസവും പുറത്തിറക്കുവാൻ ആഗ്രഹിക്കുന്ന ന്യൂസ് ലെറ്റർ സ്പോൺസർ ചെയ്യാവുന്നതാണ്. കൂടാതെ പ്രത്യേക സന്തോഷ സന്ദർഭങ്ങളും, ഓർമ്മകളും ഫോട്ടോ സഹിതം പ്രസിദ്ധീകരിക്കാവുന്നതാണ്. വിശദ വിവരങ്ങൾക്കായി ഇടവക ചെയർമാനേയോ, സെക്രട്ടറിയേയോ ബന്ധപ്പെടുക.

## ഹരിത പദ്ധതി

നേരത്തെ ന്യൂസ് ലെറ്റർ മുഖേന നൽകിയ വിവരണം അനുസരിച്ച് ജൂൺ മാസം തുടങ്ങി ഫലവൃക്ഷചെടികൾ നട്ട് പരിപാലിക്കുന്നതിന് ആഗ്രഹിക്കുന്നു. ആദ്യഘട്ടമായി തെങ്ങിൻ തൈകൾ നടുന്നു. ഓരോ തൈയ്യും നടുന്ന ചെലവിലേക്കായി 750/- രൂപ നൽകി ഈ പദ്ധതിയുടെ വിജയത്തിനായി സഹകരിക്കാവുന്നതാണ്.

## ഞായർ ഉച്ചക്കഞ്ഞി വിതരണം

ഞായർ ആരാധനയ്ക്കുശേഷം ക്രമമായി ഉച്ചകഞ്ഞി വിതരണം നടന്നുവരുന്നു. ഒരു ദിവസം കഞ്ഞി നൽകുന്ന ചെലവിലേക്കായി 2,000/- രൂപയോ അതിനോട് ചേർന്ന തുകകളോ നൽകി ഈ സംരംഭത്തെ ഏവർക്കും പിന്താങ്ങുന്നതിന് സാധിക്കുന്നതാണ്.

## കപ്യാർ യാത്രയയപ്പ്

മെയ് മാസം 15-ാം തിയ്യതി ഇടവക മുൻ കപ്യാർക്ക് യാത്രയയപ്പ് നൽകുന്നതിനായി ക്രമീകരണങ്ങൾ ചെയ്തിരുന്നു. എന്നാൽ താൻ യാത്രയയപ്പ് സ്വീകരിക്കുന്നില്ല എന്ന് തീരുമാനിച്ചതായി അറിയിച്ചതിനാൽ യാത്രയയപ്പ് ഉപേക്ഷിച്ചു. ഇടവക ജനങ്ങൾ നൽകിയ സംഭാവനയും വിനിയോഗവും സംബന്ധിച്ച് തീരുമാനം അറിയിക്കുന്നതാണ്. സേവനകാലം പരിഗണിച്ച് ഇടവക മുൻ കപ്യാർക്ക് 47,025/- രൂപ നൽകുന്നതാണ്.

## മെമ്പർഷിപ്പ്

ഇടവക സംവിധാനത്തിൽ വിവാഹിതരായ എല്ലാവരേയും പ്രത്യേക കുടുംബ ങ്ങളായിട്ടാണ് പരിഗണിക്കുന്നത്. ഭാര്യയും, ഭർത്താവും വെവ്വേറെ മാസവരി സംഖ്യ കൾ അടയ്ക്കേണ്ടതാണ്. ഇടവക അംഗങ്ങളുടെ മക്കൾ വിവാഹ തിയ്യതി മുതൽ പുതിയ കുടുംബമായി തീരുന്നതാണ്, അതിനാൽ ആ മാസം തുടങ്ങി മാസവരി മെമ്പർഷിപ്പ് നൽകേണ്ടതാണ്.

ഇടവക അംഗങ്ങൾ, സി.എസ്.ഐ. ഇതര വ്യക്തികളുമായി വിവാഹ ബന്ധത്തിൽ പ്രവേശിക്കുന്ന പക്ഷം ഇടവക അംഗത്വം നിലനിർത്തുവാൻ ആഗ്ര ഹിക്കുന്നുവെങ്കിൽ പുനപ്രവേശനത്തിനായുള്ള നടപടികൾ കൈക്കൊള്ളേണ്ട താണ്. അതുപോലെ പുനർവിവാഹം ചെയ്തവരും അംഗത്വം നിലനിർത്തുവാൻ ആഗ്രഹിക്കുന്ന പക്ഷം വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

## പ്രഭാത പ്രാർത്ഥന

ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ പതിവായി ജന്മദിന, വിവാഹ വാർഷിക സ്തോത്ര പ്രാർത്ഥനയും, പ്രത്യേക വിഷയങ്ങളും സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. രാവിലെ 7.30ന് ഗൂഗിൾ മീറ്റ് വഴി ക്രമീകരിക്കുന്ന പ്രാർത്ഥനയിൽ പരമാവധി പങ്കെടുക്കുവാൻ എല്ലാവരും ഉത്സാഹിക്കുക.

## പാഴ്സനേജ്

ഇടവക ശുശ്രൂഷകർ താമസിച്ചുവരുന്ന പാഴ്സനേജ് ദീർഘകാല പഴക്കം ഉള്ളതാണ്. പാഴ്സനേജ് നിലവിൽ ചോർന്ന് ഒലിക്കുന്നതും അടച്ചുറപ്പില്ലാത്ത സ്ഥിതിയിലുമാണ്. കേടുപാടുകൾ തീർത്ത് പൂർണ്ണ പ്രയോജനത്തിൽ എത്തിക്കു ന്നതിന് വലിയൊരു തുക ചെലവ് ചെയ്യേണ്ടതായിട്ടുണ്ട്. വൃത്തിയും, സുരക്ഷിത വുമായ ഒരു പാഴ്സനേജിന്റെ ആവശ്യം എല്ലാവരും പ്രാർത്ഥനയിൽ ഓർക്കുകയും വേണ്ട ഉത്തരവാദിത്വ നിർവ്വഹണത്തിൽ സഹകരിക്കുകയും ചെയ്യുക.

## അഭിനന്ദനങ്ങൾ



**Allen Joe Mathew**
**II$^{nd}$ Rank**
B.Com Logistics and Supply Chain Management
Bangalore North University (2018 - 2021)
**സെന്റ് പോൾസ് ഇടവകയുടെ അഭിനന്ദനങ്ങൾ...**

# ഏപ്രിൽ 2022 വരവ് - ചെലവുകൾ

| വരവ് | | | ചെലവ് | | |
|---|---|---|---|---|---|
| മുൻ മിച്ചം ബാങ്ക് | - | 1,14,779.85 | വസ്തുവക ചെലവ് | - | 1,000.00 |
| മുൻ മിച്ചം കൈവശം | - | 54.00 | യാത്ര ചെലവ് | - | 900.00 |
| സ്നാന സ്തോത്ര വഴിപാട് | - | 570.00 | തിരുവത്താഴം | - | 200.00 |
| പൊതു വഴിപാട് | - | 36,480.00 | പോസ്റ്റേജ് & സ്റ്റേഷനറി | - | 715.00 |
| ജന്മദിന വിവാഹ വാർഷിക വഴിപാട് | - | 9,420.00 | സാധുസഹായം | - | 34,250.00 |
| സ്തോത്ര വഴിപാട് | - | 500.00 | കപ്യാർ | - | 6,270.00 |
| മാസവരി സംഖ്യ | - | 7,650.00 | വൈദ്യുതി ചാർജ്ജ് | - | 3,339.00 |
| ഫീസ് | - | 2,000.00 | സണ്ടേസ്കൂൾ | - | 22,116.00 |
| ലേലം | - | 1,310.00 | ക്വയർ | - | 540.00 |
| സഭാമിത്രം | - | 200.00 | ലോക്കൽ അലവൻസ് | - | 9,330.00 |
| ഈസ്റ്റർദിന വഴിപാട് | - | 6,960.00 | ബാങ്ക് ചാർജ്ജ് | - | 50.20 |
| സാധുസഹായം | - | 16,200.00 | കൺവെൻഷൻ | - | 35,343.00 |
| കൺവെൻഷൻ | - | 52,630.00 | സീനിയർ പ്രെസ്ബിറ്റർ അലവൻസ് | - | 2,000.00 |
| ഡയോസിസിൽ നിന്ന് വസ്തു ചെലവ് | - | 4,200.00 | ഭക്ഷണ ചെലവുകൾ | - | 23,651.00 |
| ആകെ വരവ് | - | 2,52,953.85 | 60% മഹായിടവകയിലേക്ക് | - | 28,260.00 |
| അഡ്വാൻസ് ട്രഷറർ | - | 11,159.00 | പി.ബി.എഫ് | - | 3,110.00 |
| | | | പെൻഷൻ | - | 3,110.00 |
| | | | സഭാമിത്രം | - | 2,600.00 |
| | | | ആകെ ചെലവ് | - | 1,76,784.20 |
| | | | മിച്ചം ബാങ്ക് | - | 87,328.65 |
| | | 2,64,112.85 | | | 2,64,112.85 |

കുന്നംകുളം
27.05.2022

വികാരി സെക്രട്ടറി ട്രഷറർ

## PROGRAMME FOR JUNE 2022

| | | |
|---|---|---|
| 05.06.2022<br>9.00 am<br>വി.സ. | പെന്തെക്കോസ്ത് ഞായർ<br>പരിശുദ്ധാത്മാവേ, വന്ന് ഞങ്ങളെ സ്വന്തരാക്കുക | യെശയ്യാവ് 61 : 1–11<br>സങ്കീ. 107 : 31–43<br>അപ്പൊ. പ്രവ. 2:1–13<br>ലൂക്കോസ് 4 : 16–21 |
| 12.06.2022<br>9.00 am | പെന്തെക്കോസ്തിന് പിൻപ് ഒന്നാം ഞായർ<br>ത്രിത്വം : സ്നേഹത്തിന്റെ കൂട്ടായ്മ | ഉല്പത്തി 18:1–15<br>സങ്കീ. : 97<br>2 കൊരിന്ത്യർ 13:5–14<br>മർക്കോസ് 1 : 1–11 |
| 19.06.2022<br>9.00 am<br>വി.സ. | പെന്തെക്കോസ്തിന് പിൻപ് രണ്ടാം ഞായർ<br>ആരാധനയിൽ ദൈവത്തിന്റെ വെളിപാട് | 1 രാജാക്കന്മാർ 8 : 22–30<br>സങ്കീ. : 148<br>വെളിപാട് 14 : 1–7<br>മർക്കോസ് 3 : 1–6 |
| 26.06.2022<br>9.00 am | പെന്തെക്കോസ്തിന് പിൻപ് മൂന്നാം ഞായർ<br>ശിഷ്യരാക്കുവിൻ | 1 രാജാക്കന്മാർ 19 : 11–21<br>സങ്കീ. 34 : 11–22<br>റോമർ 16 : 3–16<br>യോഹന്നാൻ 1 : 35–42 |
| 03.07.2022<br>9.00 am<br>വി.സ. | പെന്തെക്കോസ്തിന് പിൻപ് നാലാം ഞായർ<br>വില ഗണ്യമാക്കാതെ നൽകുക | ഉല്പത്തി 13 : 8–18<br>സങ്കീ. 15<br>2 കൊരിന്ത്യർ 8 : 1–15<br>മർക്കോസ് 14 : 3–11 |

## ഭവന പ്രാർത്ഥനകൾ

ഇടവക അംഗങ്ങളുടെ ആത്മിക, കൂട്ടായ്മ ബന്ധങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഭവന പ്രാർത്ഥനകൾ ക്രമീകരിക്കുന്നു. ഭവന പ്രാർത്ഥനകൾ മുൻകൂട്ടി അറിയിക്കുക.

11.06.2022 : **6 pm** തോമസ് പോൾ, വടക്കൂട്ട്, ആർത്താറ്റ്

25.06.2022 : **6 pm** മറിയം ജോൺ, ആത്തപ്പള്ളി, കണിയാമ്പാൽ

*കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ ഇടവക പട്ടക്കാരൻ*

**CSI പാഴ്സനേജ്, കുന്നംകുളം**
**04885 227077, 8296547933**

**റവ. ഷിബുമോൻ സി.കെ.**
**Mob: 9744077022**